# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 02.04.2021 മുതൽ 06.04.2021 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.27/2021 | തീയ്യതി: 01/04/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 00 | 34.0 – 35 | 25.0 – 27.5 | 65 - 89 | 02 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 02-04-21 | 03-04-21 | 04-04-21 | 05-04-21 | 06-04-21 |
|---|---|---|---|---|---|
| മഴ, മി.മീ | 0.1 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില, °C | 28 | 28 | 28 | 28 | 28 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 6 | 8 | 8 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 290 | 290 | 290 | 290 |
| മേഘ വിന്യാസം, ഒക്ടാ | 4 | 4 | 3 | 3 | 4 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | ഒറ്റപ്പെട്ട ഇടങ്ങളിൽ പ്രക്ഷുബ്ധമായ അന്തരീക്ഷവും ഇടിയും മഴയും ഉണ്ടാകും.<br>ഒറ്റപ്പെട്ട മഴ: വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. | | |
| **നെല്ല്: മുണ്ടകൻ (വിള വൈകി നട്ടയിടങ്ങൾ )** | കൊയ്ത്ത് | വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ എത്രയും വേഗം കൊയ്തൊഴിയുക, കൊയ്തെടുത്ത കറ്റകൾ വയലിൽ തന്നെ കൂട്ടിയിടരുത്. വെയിലത്തിട്ടുണക്കുന്നതു ജാഗ്രതയോടെ വേണം.<br>കാലവർഷം തുടങ്ങുമ്പോൾ ഞാറു പറിച്ചു നടന്ന പാടങ്ങളിൽ ഇപ്പോൾ പച്ചിലവള വിത്തുകൾ (ഡെയ് ഞ്ച, ചണമ്പ് മുതലായവ) വിതറാം. ഇവ മണ്ണിലെ വളക്കൂറു വർധിപ്പിക്കുന്നതിനൊപ്പം കളകളെ നിയന്ത്രിക്കാൻ സഹായകരമാവുകയും ചെയ്യും 45 ദിവസം വളർച്ചയെത്തുമ്പോൾ, പുഷ്പിക്കുന്നതിനു മുൻപേ തന്നെ, ഈർപ്പമുള്ള മണ്ണാണെങ്കിൽ അതിലേക്ക് ഉഴുതു ചേർക്കുക. അല്ലായെങ്കിൽ അറുത്തെടുത്തു കമ്പോസ്റ്റ് ആക്കുക | |

आजादी का अमृत महोत्सव

| | | | |
|---|---|---|---|
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | മത്തൻ വ□ ്  | വണ്ട് അധികമായി കാണുകയാണെങ്കിൽ മാലത്തിയോൺ 50EC/ഡൈമെത്തോയേറ്റ് 30EC 500മില്ലി ഒരു ഹെക്ടർ എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| കന്നുകാലികൾ | വിവിധ ഘട്ടങ്ങൾ | പട്ടുണ്ണി  വേനൽക്കാലത്ത് മൃഗങ്ങളുടെ ശരീരത്തിൽ പട്ടുണ്ണികൾ പെരുകാൻ സാധ്യതയുണ്ട്. ഇവ മാരക രോഗങ്ങൾ ഉണ്ടാക്കുന്ന പ്രോട്ടോസോവ പോലുള്ള അണുക്കളെ പരത്തുന്ന ജീവികളാകുന്നു. കൂടാതെ ഇവ രക്തം ഊറ്റിക്കുടിക്കുന്നതിനാൽ വിളർച്ച, മൂത്രത്തിൽ രക്തം, മഞ്ഞപ്പിത്തം, മരണം എന്നിവയ്ക്കും കാരണമായേക്കാം | രക്തം കുടിച്ചു കഴിഞ്ഞാൽ പട്ടുണ്ണികൾ താഴെ വീണു തൊഴുത്തിന്റെ തറയിലും ചുമരിലും ഉള്ള ചെറു സുഷിരങ്ങളിൽ ആണ് പാർക്കുക. ഇവയെ തൊഴുത്തിലെ തറയിലും ചുമരിലും നിയന്ത്രിതമായി കരിയില, ചൂട്ട് എന്നിവ കത്തിച്ചു തീ എശി നശിപ്പിക്കുക. തൊഴുത്തിന് പുറത്ത് കെട്ടുമ്പോൾ പശുക്കൾ കിടക്കുന്ന ഇടങ്ങളിലും ഇതുപോലെ ചെയ്യുക. തീ ഇടുന്ന സമയത്തു പശുക്കളെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി നിർത്തുക.<br>പശുവിന്റെ ശരീരം മുഴുവൻ ആഴ്ചയിൽ ഒരുതവണ വീതം സൈപെർമെത്രിൻ ഒരു മില്ലി രണ്ടു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയിൽ മുക്കിയ കോട്ടൺ ടവ്വൽ കൊണ്ട് തുടച്ചു വൃത്തിയാക്കുക.<br>സൈപെർമെത്രിൻ ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തയ്യാറാക്കിയ ലായനി സ്പ്രേയറിൽ എടുത്തു തൊഴുത്തിന്റെ തറയിലും ചുമരുകളിലും പശു കിടക്കാറുള്ള മറ്റിടങ്ങളിലും തളിക്കുക. |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി